# പതിമൂന്നാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 775      11.3.2015 - ൽ മറുപടിയ്ക്ക്

**ആറ്റിങ്ങൽ വലിയകുന്ന് താലൂക്ക് ആശുപത്രിയിൽ ട്രോമാകെയർ സംവിധാനം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. ബി. സത്യൻ | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ മന്ത്രി) |
| എ) | ആറ്റിങ്ങൽ വലിയകുന്ന് താലൂക്ക് ആശുപത്രിയിൽ ട്രോമാകെയർ സംവിധാനം നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | എ) | ഉണ്ട്. 6.1.2013 ലെ സർക്കാർ ഉത്തരവ് (സാധാ) നം. 4065/13/ആകുവ പ്രകാരം ആറ്റിങ്ങൾ വലിയകുന്ന് താലൂക്ക് ആശുപത്രിയിൽ ട്രോമാകെയർ സംവിധാനം ആരംഭിക്കുന്നതിനുവേണ്ടി 35.51 ലക്ഷം രൂപയുള്ള ഉപകരണങ്ങൾ വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| ബി) | ട്രോമാകെയർ സംവിധാനം ഈ ആശുപത്രിയിൽ എന്നത്തേയ്ക്ക് സജ്ജമാക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്നും ഇതിനായി എന്തു തുക ചെലവഴിക്കേണ്ടിവരുമെന്നും വ്യക്തമാക്കാമോ? | ബി) | ആരോഗ്യ വകുപ്പ് ഡയറക്ടർ വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുമ്പോഴെ ഇതിന്റെ സാമ്പത്തിക ബാധ്യതയെക്കുറിച്ചും എപ്പോൾ പ്രവർത്തനക്ഷമമാകും എന്ന കാര്യവും വ്യക്തമാക്കാനാവൂ |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ